# പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 507 — 23/07/2015-ൽ മറുപടിക്ക്

## സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തന പുരോഗതി

**ചോദ്യം**

ശ്രീ. ജയിംസ് മാത്യു
" എളമരം കരീം
" എസ്. ശർമ്മ
" സി. കെ. സദാശിവൻ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതി കരാറനുസരിച്ച് നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഓരോ ഘട്ടവും പൂർത്തീകരിക്കേണ്ടത് എപ്പോഴായിരുന്നു എന്ന് വ്യക്തമാക്കാമോ ; | (ബി) | ടീകോമുമായി ഫ്രെയിംവർക്ക് എഗ്രിമെന്റ് 13/05/2007-ലാണ് ഒപ്പിട്ടത്. കരാർ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. അതിൽ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടനിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണത്തോടൊപ്പം തന്നെ ആദ്യ ഘട്ടത്തിലെ പാലം, റോഡ്, കാനകൾ, ട്രെഞ്ച് തുടങ്ങിയവയുടെ നിർമ്മാണവും ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) & (ഡി) | പദ്ധതി പ്രദേശത്തിന് സമ്പൂർണ്ണമായി MOEF ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. സ്മാർട്ട് സിറ്റിക്കായി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ പ്രവർത്തനം ഇന്നത്തെ നിലയിൽ മുന്നോട്ടു പോയാൽ കരാറനുസരിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ സാധിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ ? | | സൗകര്യങ്ങൾക്കുമുള്ള അംഗീകാരം ഈ ബോർഡ് നൽകുന്നു. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്.<br>6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിൽ സ്ഥലമെടുത്തിരിക്കുന്ന ഐ.ടി. കമ്പനികൾ അവരുടെ fit out ജോലികൾ ഓഗസ്റ്റ് മാസത്തോടു കൂടി ആരംഭിക്കുന്നതാണ്. ഏകദേശം 5000-ൽ പരം ഐ.ടി. ജീവനക്കാർക്ക് ഈ കെട്ടിടത്തിൽ ജോലി ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.<br>5 കോ-ഡെവലപ്പേഴ്സിന് സ്ഥലം നൽകുവാനുള്ള നടപടികൾ കേന്ദ്ര കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിച്ച് നിർമ്മാണം ഉടൻ തന്നെ ആരംഭിക്കുന്നതാണെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോ-ഡെവലപ്പേഴ്സ് ഏകദേശം 43 ലക്ഷം ച. അടി. വിസ്തീർണ്ണത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച്, 40000-ൽ അധികം ഐ.ടി. ജീവനക്കാർക്കും വളരെയധികം സർവ്വീസ് പ്രൊവൈഡേഴ്സ് ജീവനക്കാർക്കും തൊഴിൽ ലഭ്യമാക്കുന്നതാണ്. മേൽപ്പറഞ്ഞ പുരോഗതി കണക്കിലെടുത്താൽ സംസ്ഥാനത്തിന് നഷ്ടം സംഭവിക്കാൻ സാധ്യതയുള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ